## MATTHEW 20:1-16

ദൈവരാജ്യത്തിന്റെ ഉൾപ്പൊരുളുകൾ വെളിപ്പെടുത്തുന്ന മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയാണിന്നത്തെ ചിന്തക്കായി സഭ നൽകിയിരിക്കുന്നത്. വി. മത്തായി സുവിശേഷകൻ മാത്രം രേഖപ്പെടുത്തിയിരിക്കുന്ന ഈ ഉപമ ദൈവരാജ്യനീതിയെ വെളിപ്പെടുത്തുന്നതാണ്.

രണ്ട് പ്രധാന ഭാഗങ്ങളാണ് ഈ ഉപമയ്ക്കുള്ളത്. (1). ജോലിക്കാരെ വേലയ്ക്ക് വിളിക്കുന്നതും, (2) ജോലിക്കാർക്ക് കൂലി കൊടുക്കുന്നതും. കാര്യസ്ഥനുണ്ടായിട്ടും ജോലിക്കാരെ വിളിക്കാനായി ഉടമസ്ഥൻ തന്നെ നേരിട്ട് പല മണിക്കൂറുകളിലായി എത്തുന്നത് ഈ ഉപമയുടെ പ്രത്യേകതയാണ്. വാക്കാലുള്ള ഉടമ്പടിയുടെ ഭാഗമായി ആദ്യഗണം കൃഷിക്കാർ ജോലിക്കെത്തുമ്പോൾ രണ്ടാമത്തെ ഗണത്തിനാകട്ടെ ന്യായമായത് നിങ്ങൾക്കും തരാം എന്ന വാഗ്ദാനമാണ് നൽകുന്നത്. അവസാന ഗണത്തിന് യാതൊരുവിധ ആനുകൂല്യവും പ്രഖ്യാപിക്കുന്നുമില്ല.

പാലസ്തീനായുടെ പശ്ചാത്തലത്തിൽ പറഞ്ഞ ഈ ഉപമയ്ക്ക് അവിടുത്തെ ജീവിതവുമായി ബന്ധമുണ് ട്. തൊഴിലാളി ക്ഷാമവും, വിളവെടുപ്പിന്റെ ആവശ്യകതയും ആവാം അവസാമ മണിക്കൂറും ജോലിക്കാരെ വിളിക്കാൻ ഉടമസ്ഥനെ പ്രേരിപ്പിക്കുന്നത്. രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണിവരെയാണ് ജോലി സമയം ക്രമപ്പെടുത്തിയിരുന്നത്. രാവിലെയും െൈവകുന്നേരവും ജോലിക്കായി പറഞ്ഞുവിടുമ്പോൾ ആദ്യത്തെ കൂട്ടർ ഒത്തിരി അദ്ധ്വാനിച്ചിട്ടുണ്ടാകും. അപ്പോഴാണ് ദിവസം മുഴുവനും അലസരായി നിന്നിട്ട് അവസാന മണിക്കൂറിൽ കുറച്ചു പേർ ജോലിക്കെത്തുന്നത്. ഇവിടെ നിങ്ങളെന്താണ് ദിവസം മുഴുവനും അലസമായി നിൽക്കുന്നത് എന്ന ചോദ്യത്തിന് ആരും ഞങ്ങളെ വേലയക്ക് വിളിക്കാത്തതുകൊണ്ട് എന്ന മട്ടുന്യായങ്ങളാൽ രക്ഷപ്പെടുന്ന അവർ ജോലി ലഭിക്കേണ്ട സ്ഥലത്ത് കൃത്യമായി എത്തിയില്ല എന്നുവേണം അനുമാനിക്കുവാൻ. തൊഴിലില്ലായ്മയാണ് നാടിന്റെ പ്രശ്നമെന്ന് പരാതിപ്പെടുമ്പോൾ തൊഴില് ലഭിക്കാനുള്ള യോഗ്യതയില്ലായ്മയാണ് നമ്മുടെ നാടിന്റെ പ്രശ്നമെന്ന് തിരിച്ചറിയേണ് ടിയിരിക്കുന്നു.

ഉപമയുടെ രണ്ടാം ഭാഗമാണ് പ്രസക്തമായതും പ്രശ്നങ്ങൾക്ക് കാരണമായതും. വൈകുന്നേരമായപ്പോൾ ജോലിക്കാർക്ക് കൂലി കൊടുക്കാൻ എത്തുന്നത് കാര്യസ്ഥനാണ്. കാര്യസ്ഥനാകട്ടെ അവസാനം വന്നവർക്ക് ആദ്യം ഒരു ദനാറ വീതം നൽകി. ഈ ക്രമം തന്നെ രാവിലെ മുതൽ അദ്ധ്വാനിച്ചവർക്ക് സ്വപ്നങ്ങൾ നെയ്യാനും, പലതും പ്രതീക്ഷിക്കാനും ഇടനൽകി. എന്നാൽ തങ്ങളുടെ പ്രതിക്ഷകൾ തകിടം മറിച്ചുകൊണ്ട് ഒരു

ദനാറ തന്നെയാണ് അവർക്കും ലഭിച്ചത്. ഉടനെ യജമാനനെതിരെ പിറുപിറുത്ത അവരോട് യജമാനൻ പറയുന്നതിപ്രകാരമാണ്. ഞാൻ നിങ്ങളോട് ഒരു അനീതിയും ചെയ്യുന്നില്ല. നിങ്ങൾ തന്നെ ഒരു ദനാറയ്ക്ക് ജോലി ചെയ്യാമെന്ന് സമ്മതിച്ചതുമാണ്. പിന്നെ എവിടെയാണ് പ്രശ്നം. ഇത് ചൂണ്ടിക്കാട്ടുന്ന വചനമിതാണ്: "അവസാനം വരുന്നവർ ഒരു മണിക്കൂറല്ലേ ജോലി ചെയ്തുള്ളൂ. എന്നിട്ട് പകൽ മുഴുവൻ അദ്ധ്വാനിച്ച ഞങ്ങളോട് അവരെ നീ തുല്യരാക്കിയല്ലോ." താരതമ്യം ചെയ്യുമ്പോൾ നമ്മൾ കാണുന്ന കുറവുകളാണ് ഇവിടുത്തെ പ്രധാന കാരണം.

എനിക്ക് അർഹമായതെന്ന് കരുതുന്നതോ, എനിക്ക് ലഭിക്കുമെന്ന് പ്രതീക്ഷിച്ചതോ കിട്ടാത്തതിലുള്ള രോഷമാണ് ഇവിടെ ഉയർന്നുവരുന്നത്. അപ്പനിൽ നിന്നോ, അമ്മയിൽ നിന്നോ സഹോദരങ്ങളിൽ നിന്നോ ബന്ധുക്കളിൽ നിന്നോ പ്രതീക്ഷിച്ച സ്നേഹവും പരിഗണനയും പ്രോത്സാഹനവും കിട്ടാതെ വരുമ്പോൾ ഇതേ സ്വരത്തിൽ നാമും പ്രതിഷേധിക്കാറുണ്ട്.

ഒരു ദനാറ എന്നത് ഒരു ദിവസത്തെ ജീവിതത്തിന് ആവശ്യമായത് ലഭിക്കുന്ന കൂലി സമ്പ്രദായമായിരുന്നു. ഒരു അനീതിയും ഇവിടെ നമുക്ക് ദർശിക്കാൻ ആവില്ല; ഒരോരുത്തർക്കും അവനവനർഹതപ്പെട്ടതിനേക്കാൾ നൽകുന്ന ദൈവരാജ്യനീതിയാണ് നാം ഓർക്കേണ്ടതും പഠിക്കേണ്ടതും. നിയമത്തിലധിഷ്ഠിതമായ നീതിയേക്കാൾ കാരുണ്യവും ഔദാര്യവും നിറഞ്ഞ ദൈവീക നീതിയാണ് യേശു ഇവിടെ പഠിപ്പിക്കുന്നത്.

അപരന്റെ നന്മയിലും വളർച്ചയിലുമുള്ള അസൂസയാണ് ഈ ഉപമയുടെ മറ്റൊരു മാനം. ഒരിക്കൽ ഒരു ഗ്രാമത്തിലെ ഒരു കുടുംബത്തിൽപ്പെട്ട സഹോദരന്മാർ കുലത്തൊഴിലായ മരം വെട്ടിന് കാട്ടിലെത്തി. അപ്പോഴാണ് വനദേവത പ്രത്യക്ഷപ്പെട്ട് ഇഷ്ടവരം ചോദിക്കാൻ ആവശ്യപ്പെട്ടത്. കുറച്ച് നേരത്തേക്ക് രണ്ടുപേരും മിണ്ടിയില്ല. അനുജൻ ചോദിക്കട്ടെ എന്ന് ചേട്ടനും, ചേട്ടൻ ചോദിക്കട്ടെ എന്ന് അനുജനും മനസ്സിൽ കുറിച്ചു. കാരണം ഒരാൾ ചോദിക്കുന്നതിന്റെ ഇരട്ടി ചോദിക്കണമെന്ന് അവർ മനസ്സിൽ കരുതിയിരുന്നു. കുറെ നേരത്തെ നിശബ്ദതയ്ക്കുശേഷം അനുജൻ പറഞ്ഞു ചേട്ടൻ ചോദിക്കുന്നതിന്റെ ഇരട്ടി തരിക. അമ്പടാ എന്നെക്കാൾ പണക്കാരനാകാനാണല്ലേ മോഹം. അത് സമ്മതിക്കില്ല. ഒരു നിമിഷത്തെ ചിന്തയ്ക്ക് ശേഷം ചേട്ടൻ പറഞ്ഞു എനിക്ക് നൂറു അടി തരിക. നൂറു അടി സ്വന്തം ശരീരത്തിൽ കൊണ്ട് വേദനിച്ചാലും അനുജൻ നന്നായി കാണരുത്. അവൻ 200 അടികൊണ്ട് പുളയണം എന്ന ദുഷ്ടമനസ്സാണ് അസൂയയായി ഈ കഥയിൽ കടന്നു വരുന്നത്.

അപരന് നന്മയും വളർച്ചയും ഉണ്ടകുമ്പോൾ സന്തോഷിക്കുന്ന, പ്രോത്സാഹിപ്പിക്കുന്ന, നല്ല മനസ്സിന്റെ ഉടമയാകണം ഓരോ ക്രിസ്ത്യാനിയും. അതിനാൽ ഈ ഉപമയിലൂടെ വെളിപ്പെടുത്തുന്ന ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ നമുക്ക് അനുകരിക്കാം. ദൈവം എല്ലാവർക്കുമായി വാതിലുകൾ തുറന്നിട്ടിരിക്കുന്നു. എല്ലാവർക്കും

ഒരുപോലെ; ആർക്കും മുൻഗണന ഇല്ല. മുൻഗണന നമ്മുടെ വിശ്വാസത്തിനും പ്രവർത്തിക്കുമാണുള്ളത്.

ബ്ര. ജോസഫ് കളമ്പുകാട്ട്

www.sundaypulpit.in